15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3219 | 13-07-2022 - ൽ മറുപടിയ്ക്ക്

ബദൽ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ പ്രവർത്തിച്ച വന്നിരുന്ന ബദൽ സ്കൂളുകൾ നിർത്തലാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങൾ (എം.ജി.എൽ.സി) നിർത്ത ലാക്കുന്നതിന് തീരുമാനിച്ചിരുന്നു. പ്രസ്തുത എം.ജി.എൽ.സി കൾ അടച്ചുപൂട്ടി അവയിലെ വിദ്യാർത്ഥികളെ തൊട്ടടുത്തുള്ള പൊതുവിദ്യാലയങ്ങളിൽ എത്തിച്ച് കുട്ടികൾക്ക് പ്രഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുകയാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യം വെയ്ക്കുന്നത്. |
| (ബി) | യാതൊരു മുന്നൊരുക്കങ്ങളും കൂടാതെ ബദൽ സ്കൂളുകൾ നിർത്തലാക്കുന്നതിനുള്ള ഉത്തരവ് ഇറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് എം.ജി.എൽ.സി കളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി വിശദമായ വിവരശേഖരണം നടത്തിയിരുന്നു. ഡെപ്യൂട്ടി ഡയറക്ടർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, ബി.പി.സി എന്നിവരുടെ നേതൃത്വത്തിൽ എം.ജി.എൽ.സികൾ സന്ദർശിച്ചതിന്റെയും വിശദമായ ചർച്ചകൾ നടത്തിയതിന്റേയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും വിശദമായി പഠിക്കുകയും ആവശ്യമായമുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തതിനുശേഷമാണ് ബദൽ സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുത്തത്. ക്ലാസ്സ് മുറികൾ സ്മാർട്ടായി, സ്കൂളുകൾ ഹൈടെക്ക് ആയി മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോടെ മികവിന്റെ കേന്ദ്രങ്ങളായി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ സൗകര്യങ്ങൾ പരിമിതമായ എം.ജി.എൽ.സി.കളിൽ കുട്ടികളെ പഠിപ്പിക്കുന്നത് അവരുടെ അവകാശം നിഷേധിക്കലാണ്.എം.ജി.എൽ.സിയിലെ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുമായി താരതമ്യപ്പെടുത്തുമ്പോൾ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പരിമിതികൾ കാണുന്നു. പ്രസ്തുത സാഹചര്യത്തിലാണ് എൽ.പി. സ്കൂളുകളിൽ എത്തിച്ചേരാൻ സാധിക്കുന്ന |

| | | | |
|---|---|---|---|
| | | | എം.ജി.എൽ. സി കളിലെ വിദ്യാർത്ഥികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.കെ. എന്നീ സംവിധാനങ്ങളിലൂടെ സ്കൂളുകളിൽ എത്തിക്കേണ്ടത് അനിവാര്യമായി വന്നു ചേർന്നത്. |
| (സി) | ഏറനാട് മണ്ഡലത്തിൽ ബദൽ സ്കൂളുകൾ പ്രവർത്തിച്ചു വരുന്നത് എവിടെയെല്ലാമാണെന്നും അവയിൽ ഏതെല്ലാം സ്കൂളുകൾ നിർത്തലാക്കുന്നതിനാണ് ഉത്തരവ് ഇറക്കിയതെന്നും വെളിപ്പെടുത്തുമോ; | (സി) | ഏറനാട് മണ്ഡലത്തിൽ അരിമംഗലം,മേൽമുറി എന്നീ രണ്ട് എം.ജി.എൽ.സി കളാണ് ഉണ്ടായിരുന്നത്. പ്രസ്തുത എം.ജി.എൽ.സി കൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 03.06.2022ലെ ഉത്തരവ് പ്രകാരം പ്രസ്തുത എം.ജിഎൽ.സികൾ താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്. |
| (ഡി) | ബദൽ സ്കൂളുകൾ നിർത്തലാക്കുന്നതിന് ആരാണ് ശിപാർശ നല്കിയതെന്നും നിർത്തലാക്കിയ സ്കൂളുകളിലെ കുട്ടികൾക്ക് തുടർന്നു പഠിക്കുന്നതിന് എന്ത് സംവിധാനം ആണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കുമോ; | (ഡി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളെ (ബദൽ സ്കൂളുകൾ) സംബന്ധിച്ച് വിശദമായ വിവര ശേഖരണം നടത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെയും ശിപാർശയുടെയും വിശദമായ പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് ടി സ്കൂളുകൾ നിർത്തലാക്കുവാൻ തീരുമാനിച്ചത്. അടച്ചുപൂട്ടുന്ന എം.ജി.എൽ.സികളിലെ വിദ്യാർത്ഥികളെ തൊട്ടടുത്ത പൊതുവിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് പ്രാദേശിക ഭരണകൂടത്തിന്റെയും സമഗ്രശിക്ഷ കേരളയുടെയും സഹായത്താൽ യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് അദ്ധ്യാപക തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (ഇ) | നിർത്തലാക്കുന്ന എം.ജി.എൽ.സി കളിലെ വിദ്യാവോളന്റിയർമാർക്ക് അവരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള പി.റ്റി.സി.എം/ എഫ്.റ്റി.എം തസ്തികയിലാണ് നിയമനം നൽകിയിട്ടുള്ളത്. അദ്ധ്യാപക തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ